/77117/2022

**<u>തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ</u>**

**<u>ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം</u>**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-തലശ്ശേരി താലൂക്ക്- കൂടാളി ഗ്രാമപഞ്ചായത്ത്-കൂടാളി വില്ലേജ്- റീ.സ.നമ്പർ 3/589, 3/590 പെട്ട സ്ഥലത്ത് ഗ്രൂപ്പ് ഐ അപായ സാദ്ധ്യതാഗണത്തിൽ ഉൾപ്പെടുന്ന ഒരു എൽ പി ജി ഗോഡൗൺ നിർമ്മിക്കുന്നതിന് ഭൂവുപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KPBR-2019 ചട്ടം 30

2) ശ്രീ. ആശിഷ് അശോക്, ശ്രീമതി. കാഞ്ചന. ഇ.കെ, ശ്രീ. അശോകൻ. കെ. സി, ശിവദം, എടക്കാട്-670663 എന്നിവർ 15/11/2022 തീയതിയിൽ സമർപ്പിച്ച സംയുക്ത അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/827/2022-C** **തീയതി 30-11-2022**

---

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ കൂടാളി ഗ്രാമപഞ്ചായത്തിൽ , കൂടാളി വില്ലേജിൽ റി. സ. നമ്പർ 3/589, 3/590 ൽ സ്ഥിതി ചെയ്യുന്ന 1407 ച . മീ വിസ്തൃതിയുള്ള പ്ലോട്ടിൽ 98.95 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള ഒരു എൽ.പി.ജി ഗോഡൗൺ, 6.84 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള ടോയിലെറ്റ് എന്നിവ നിർമ്മിക്കുന്നതിന് ലേ ഔട്ട് അനുമതിക്കായി ശ്രീ. ആശിഷ് അശോക്, ശ്രീമതി. കാഞ്ചന. ഇ.കെ, ശ്രീ. അശോകൻ. കെ. സി, ശിവദം, എടക്കാട്-670663 എന്നിവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KPBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. ലേഔട്ട്, യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം കെട്ടിട നിർമ്മാണ അനുമതിയല്ല. കെട്ടിട നിർമ്മാണ പെർമിറ്റിനു KPBR 2019 ചട്ടം 5 പ്രകാരം പ്രത്യേകം അപേക്ഷ നൽകി സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
2. നിർ മ്മാണം KPBR 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
3. KPBR 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും, അളവുകളും, വിസ്തീർണം ,റി.സ നമ്പർ, ഉടമസ്ഥാവകാശം ,സ്ഥലത്ത് അപേക്ഷകനുള്ള നിർമ്മാണവകാശം, ഭൂമിയുടെ തരം , നിർദ്ധിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ അപേക്ഷയിൽ സൂചിപ്പിച്ച ലീസ് കാലാവധി കഴിയുന്നതിനു മുമ്പായി ആയത് പുതുക്കുകയോ അല്ലെങ്കിൽ ആവശ്യമായ ഉടമസ്ഥാവകാശം ഉറപ്പുവരുത്തുകയോ ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
4. പെർമിറ്റ് നൽകുന്നതിന് മുമ്പ് KPBR 2019 ചട്ടം 5(4) പ്രകാരം ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽ നിന്നും N.O.Cകൾ ആവശ്യമാണെങ്കിൽ ആയവ ലഭ്യമാക്കിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
5. KPBR 2019 ചട്ടം 34(3)(2) പ്രകാരം ആവശ്യമായ ടോയിലെറ്റ് സംവിധാനങ്ങൾ ചട്ടം 41(5) പാലിച്ചുകൊണ്ട് ലഭ്യമാക്കേണ്ടതാണ്.
6. നിർമ്മാണ സ്ഥലത്തേക്കും കെട്ടിടത്തിലേക്കും KPBR-2019 ചട്ടം 28 (1)പ്രകാരം 6 മീറ്ററിൽ കുറയാത്ത ഗതാഗത യോഗ്യമായ പ്രവേശനമാർഗം ചട്ടപ്രകാരം ഉണ്ടെന്നും മേൽ ഭാഗം മറ്റാവശ്യത്തിനു ഉപയോഗിക്കാൻ പാടില്ലെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
7. KPBR 2019 ചട്ടം 26(4) പ്രകാരം ഗോഡൗൺ കെട്ടിടത്തിനു ചുറ്റും തുറസ്സായ 7.50മീ സ്ഥലം ലഭിക്കുന്നുണ്ടെന്നും റൂമിന്റെ ഉയരം 3.00മീ ഉണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.
8. Proposed Septic tank & soak pit KPBR 2019 ലെ ചട്ടം 75(2)(iv) പ്രകാരം പ്ലോട്ട് അതിരിൽ നിന്നും

1.2 മീ. അകലം പാലിക്കേണ്ടതാണ്.

9. ഗോഡൗൺ കെട്ടിടത്തിലേക്കുള്ള റാമ്പിനു KPBR 2019 ലെ ചട്ടം 29(4)(ii) പ്രകാരം 1:7 സ്ലോപ് നൽകേണ്ടതാണ്.

എൽ. എ നമ്പർ 67/2022 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം കണ്ണൂർ - 670 002 തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ്

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

To
സെക്രട്ടറി, കുടാളി ഗ്രാമപഞ്ചായത്ത്

പകർപ്പ്

1) ശ്രീ. ആശിഷ് അശോക്, ശിവദം, എടക്കാട്-670663
2) ഫയൽ 3) കരുതൽ ഫയൽ

DESPATCHED
Date..........................